(ബി) ഇതുവഴി സംസ്ഥാനത്തിന് ലഭിച്ച സംഖ്യ എത്രയാണ്;

(സി) പുതിയ നികുതി ചുമത്തിയതുമൂലം തമിഴ്നാട്ടിലേക്കും കർണ്ണാടകയിലേക്കും വ്യവസായങ്ങൾ നീങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതൊഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയനുസരിച്ച് ബസ് ബോഡി നിർമ്മാണവും റിപ്പയറിംഗും നടത്തുന്ന ചെറുകിട വ്യവസായങ്ങൾക്ക് മാത്രമായി പുതിയ നികുതി ഒന്നും തന്നെ ചുമത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തിനകത്ത് നികുതി അടച്ച വാഹനങ്ങളുടെ ചേസിസിന് മേൽ നടത്തുന്ന ബോഡി നിർമ്മാണം നികുതിവിധേയമാണ്. വില്പന നികുതി നിയമത്തിലെ ഒന്നാം പട്ടികയിലെ 94-ാം നമ്പർ എൻട്രി പ്രകാരം അവയ്ക്ക് 12% നികുതിയും അതിനുമേൽ 15% അധിക നികുതിയും നൽകേണ്ടതായിട്ടുണ്ട്. ഇപ്രകാരം എത്ര പേർക്ക് നികുതി ചുമത്തിയിട്ടുണ്ടെന്ന വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

## ബോഡി നിർമ്മിച്ചു കൊണ്ടുവരുന്ന വാഹനങ്ങൾക്ക് പ്രവേശന നികുതി ഏർപ്പെടുത്താൻ നടപടി

18 [2482] ശ്രീ. ഇസ്ഹാക് കുരിക്കൾ:

,, സി. ടി. അഹമ്മദ് അലി:

,, പി. കെ. കെ. ബാവ:

,, ചെർക്കളം അബ്ദുള്ള:

,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നും വാഹനങ്ങൾക്ക് ബോഡി നിർമ്മിച്ച് കേരളത്തിലേക്ക് കൊണ്ടുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാഹനങ്ങൾക്ക് പ്രവേശന നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല

(ഡി) പ്രവേശന നികുതി നിയമപ്രകാരം ഏർപ്പെടുത്തിയിട്ടുള്ള നികുതി വാഹനത്തിന്റെ സംസ്ഥാനത്തിലേക്കുള്ള പ്രവേശനവേളയിൽ ചെക്ക്പോസ്റ്റുകളിൽ ഈടാക്കിവരുന്നു. പ്രസ്തുത നികുതി അടയ്ക്കാതെ സംസ്ഥാനത്തിലേക്ക് പ്രവേശിക്കുന്ന വാഹനങ്ങൾ ട്രാൻസ്പോർട്ട് അധികാരികളുടെ മുൻപിൽ രജിസ്ട്രേഷൻ നടത്തുന്ന അവസരത്തിൽ നികുതി ഒടുക്കിയതായുള്ള സർട്ടിഫിക്കറ്റ് പ്രവേശന നികുതി നിയമം വകുപ്പ് 18 പ്രകാരം ഹാജരാക്കേണ്ടതാണ്. ഈ നിബന്ധന പ്രാബല്യത്തിലുള്ളതുകൊണ്ട് നികുതി വെട്ടിപ്പ് പൂർണ്ണമായും തടയാൻ കഴിയും.

## അസോസിയേഷൻ ഓഫ് ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകാർക്കേർപ്പെടുത്തിയ സെയിൽസ് ടാക്സ് പിൻവലിക്കൽ നടപടി

19 [2483] ശ്രീ. ഇസ്ഹാക് കുരിക്കൾ:

,, പി. കെ. അബ്ദുറബ്ബ്:

,, കെ. എൻ. എ. ഖാദർ:

,, സി. മോയിൻകുട്ടി:

,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലകളിൽ ബസ് ബോഡി നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട വ്യവസായികളായ അസോസിയേഷൻ ഓഫ് ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകാർ സെയിൽസ് ടാക്സ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കാര്യത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) സെയിൽസ് ടാക്സ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനങ്ങളുടെ ബോഡി നിർമ്മാണം വില്പന നികുതി നിയമപ്രകാരം നികുതി വിധേയമാണ്. വില്പന നികുതി നിയമത്തിന്റെ ഒന്നാം പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ടി പ്രവൃത്തിക്ക് 12% നികുതിയും അതിന്മേൽ 15%

LIBRARY ARCHIVES Kerala Legislative Assembly